"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - വയനാട് സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മേൽക്കൂര നിർമ്മാണം - VC 6/15/WYD നമ്പർ വിജിലൻസ് കേസിന്റെ വസ്തുത റിപ്പോർട്ട് - കുറ്റാരോപിതനായ ഓവർസീയർ ശ്രീ. രാമചന്ദ്രൻ എൻ.ബി.-ക്കെതിരെയുള്ള അച്ചടക്കനടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ-എ) വകുപ്പ്**

സ.ഉ.(സാധാ) നം.713/2026/LSGD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.09.2018-ലെ E16-(SC-VC 6/15/WYD)33350/15 നമ്പർ കത്തും അനുബന്ധ റിപ്പോർട്ടും
2. വിജിലൻസ് (ഡി) വകുപ്പിന്റെ 20.08.2019-ലെ വിജി-ഡി2/706/2018-വിജി നമ്പർ കത്ത്.
3. 10.12.2019-ലെ EW2/80/2019-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക.
4. ഓവർസിയർ ശ്രീ. രാമചന്ദ്രൻ എൻ.ബി. 12.12.2020 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. ചീഫ് എഞ്ചിനീയറുടെ 22.09.2021-ലെ ഇ20/10748/15/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ വയനാട് യൂണിറ്റിൽ 29.09.2015-ൽ രജിസ്റ്റർ ചെയ്ത VC 6/15/WYD നമ്പർ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയാക്കി പരാമർശം 1, 2 പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന വസ്തുത റിപ്പോർട്ട് ലഭ്യമാക്കി. സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മേൽക്കൂര നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരം കുറഞ്ഞ റൂഫിംഗ് ഷീറ്റുപയോഗിച്ച് സർക്കാരിന് 66,725/- (അറുപത്താറായിരത്തി എഴുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) രൂപയുടെ നഷ്ടം വരുത്തിയതിന് പ്രസ്തുത പ്രവൃത്തി മേൽനോട്ടം വഹിച്ച സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി സെക്ഷൻ ഓവർസിയറായ ശ്രീ. രാമചന്ദ്രൻ എൻ.ബി. ഉത്തരവാദിയാണെന്ന് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തി. VC 6/15/WYD കേസിലെ രണ്ടാം കുറ്റാരോപിതനായ ഓവർസീയർ ശ്രീ. രാമചന്ദ്രൻ എൻ.ബി.-ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ശിപാർശ ചെയ്തു.

2. വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ ഓവർസീയർ ശ്രീ. രാമചന്ദ്രൻ എൻ.ബി.-ക്കെതിരെ (PEN:669130, DoR: 31.10.2038) 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം 3 കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകി.

3. ഓവർസീയർ ശ്രീ. രാമചന്ദ്രൻ എൻ.ബി. ചീഫ് എൻജിനീയർ മുഖേന സമർപ്പിച്ച പരാമർശം 4 പ്രതിവാദപത്രികയിൽ, നാല് ഘട്ടങ്ങളിലായി നടത്തിയ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണ പ്രവൃത്തിയുടെ നിർമ്മാണച്ചുമതല പഞ്ചായത്ത് നിയോഗിച്ച ഗുണഭോക്തൃ കമ്മിറ്റിക്കായിരുന്നുവെന്നും ഒന്നും രണ്ടും നാലും ഘട്ടങ്ങളിലായി ചെയ്ത റൂഫിംഗ് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും അലൂമിനിയംഷീറ്റും നാലാം ഘട്ടത്തിൽ പൗഡർ കോട്ടഡ് ജി.ഐ. ഷീറ്റുമാണ് ഉണ്ടായിരുന്നതെന്നും പരിചയക്കുറവ് കൊണ്ടാകാം അലുമിനിയം ഷീറ്റിനുപകരം രണ്ട് ഘട്ടത്തിലും പൗഡർ കോട്ടഡ് ജി.ഐ. ഷീറ്റുകൾ ഉപയോഗിച്ചതെന്നും കാഴ്ചയിൽ ഇവ തമ്മിൽ വ്യത്യാസം അനുഭവപ്പെട്ടില്ല എന്നും വിവിധ നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സമയമായതിനാലും എല്ലായിടത്തും എത്തേണ്ടതുണ്ടായിരുന്നതിനാലും നിർമ്മാണ സമയത്ത് പൂർണ്ണമായും തന്റെ സാന്നിധ്യമുണ്ടായിരുന്നില്ല എന്നത് വാസ്തവമാണെന്നും നിർമ്മാണത്തെക്കുറിച്ച് ഈ കെട്ടിടത്തിലെ റൂമുകൾ ഉപയോഗിയ്ക്കുന്നവരുടെ ഭാഗത്തുനിന്ന് സ്ക്രൂഹോളിനേക്കുറിച്ചല്ലാതെ മറ്റ് യാതൊരു പരാതിയും ലഭിച്ചിട്ടില്ല എന്നും അലൂമിനിയം ഷീറ്റിനുപകരം ജി.ഐ. ഷീറ്റാണ് ഉപയോഗിച്ചിരിയ്ക്കുന്നതെന്നും അലൂമിനിയം ഷീറ്റിന്റെ തുകയാണ് ബില്ല് ചെയ്തിട്ടുള്ളതെന്നും മനസ്സിലാക്കിയപ്പോൾതന്നെ ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുകയും കൺവീനറെക്കൊണ്ട് പ്രസ്തുത തുക 08.06.2016-ൽ സുൽത്താൻ ബത്തേരി ട്രഷറിയിൽ അടപ്പിക്കുകയും ചെയ്തിരുന്നുവെന്നും ബോധിപ്പിച്ചിട്ടുണ്ട്.

4. ചീഫ് എൻജിനീയർ പരാമർശം 5 പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, നിർമ്മാണം നടന്ന സൈറ്റിൽ വയനാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് നടത്തിയ പരിശോധനയിൽ മേൽ കെട്ടിടത്തിന് തകരാറുകൾ ഒന്നുംതന്നെ സംഭവിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും വിപുലീകരണത്തിന്റെ ഭാഗമായി കെട്ടിടം പല ഘട്ടങ്ങളിലായി നിർമ്മിച്ചതിന്റെ ഫലമായി നിലവിലുള്ള ഷീറ്റ് അഴിച്ചുമാറ്റി റീഫിറ്റ് ചെയ്ത സ്ഥലത്ത് നിലവിൽ സ്ക്രൂ ചെയ്തതിന്റെ ദ്വാരം അടച്ചിട്ടുള്ളതാണെന്നും ഇതിൽ ആവശ്യമായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുവെന്നും അലുമിനിയം ഷീറ്റിനു പകരം ജി.ഐ. ഷീറ്റാണ് ഉപയോഗിച്ചിരുന്നതെന്നും അലൂമിനിയം ഷീറ്റിന്റെ തുകയാണ് ബില്ല് ചെയ്തിട്ടുള്ളതെന്ന് മനസ്സിലാക്കിയപ്പോൾ ആയത് ഓവർസീയർ ശ്രീ. രാമചന്ദ്രൻ എൻ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തി കൺവീനറെക്കൊണ്ട് പ്രസ്തുത തുക ട്രഷറിയിൽ അടപ്പിച്ചിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയിലെ നഷ്ടതുകയായ 66,725/- രൂപയിൽ 63,835/- രൂപ 08.06.2016-ലാണ് ട്രഷറിയിൽ അടവാക്കിയതെന്ന് ചെലാന്റെ പകർപ്പ് പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നുവെന്നും ആയത് വിജിലൻസ് പരിശോധന നടന്ന 13.07.2015-ന് ശേഷമാണെന്നും നഷ്ടതുകയിലെ ബാക്കിയായ 2,890/- രൂപ 23.07.2021-ലാണ് അടവാക്കിയിട്ടുള്ളതെന്നും ചീഫ്എൻജിനീയർ അറിയിച്ചിട്ടുണ്ട്.

5. വിജിലൻസ് വസ്തുത റിപ്പോർട്ട്, ഓവർസീയർ ശ്രീ. രാമചന്ദ്രൻ എൻ.ബി.-യുടെ പ്രതിവാദപത്രിക, ചീഫ് എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അലുമിനിയം ഷീറ്റിനുപകരം ജി.ഐ. ഷീറ്റ് ഉപയോഗിക്കുകയും അലുമിനിയം ഷീറ്റിന്റെ തുക ബില്ല് ചെയ്യുകയും പിന്നീട് ആ വകയിൽ സർക്കാരിനുണ്ടായ നഷ്ടത്തുകയായ 66,725/- രൂപയിൽ 63,835/- രൂപ 08.06.2016-ലും 2,890/- രൂപ 23.07.2021-ലും കൺവീനറെക്കൊണ്ട് സുൽത്താൻബത്തേരി ട്രഷറിയിൽ അടപ്പിച്ചതായും കാണുന്നു. അലുമിനിയം ഷീറ്റ് ഉപയോഗിക്കാതെ അതിന്റെ തുക ബില്ല് ചെയ്തത് ക്രമക്കേടാണ്. VC 6/15/WYD നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് 29.09.2015-ലും അധികതുക കൺവീനർ ട്രഷറിയിൽ ഒടുക്കിയിരിക്കുന്നത് 2016-ലും 2021-ലുമാണ്. ഇതിൽ നിന്ന് വിജിലൻസ് കേസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കിയത് എന്ന് ബോധ്യപ്പെടുന്നു.

6. മേൽസാഹചര്യത്തിൽ, വയനാട് സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മേൽക്കൂരനിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട VC 6/15/WYD നമ്പർ വിജിലൻസ് കേസിന്റെ വസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓവർസീയർ ശ്രീ. രാമചന്ദ്രൻ എൻ.ബി. (PEN: 669130; DoR: 31.10.2038)-ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കുററപത്രം നൽകി ആരംഭിച്ച അച്ചടക്കനടപടിയിൽ, കുറ്റാരോപിതന്റെ ഭാഗത്ത് വീഴ്ചയുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലമില്ലാതെ താത്ക്കാലികമായി ഒരു വർഷത്തേക്ക് തടയുക എന്ന ശിക്ഷ നല്കി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ. രാമചന്ദ്രൻ എൻ.ബി. (PEN: 669130), ഓവർസീയർ.
   **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം
4. വിജിലൻസ് (ഡി) വകുപ്പ് (07.02.2026-ലെ VIG-D2/63/2026-VIG പ്രകാരം)
5. തദ്ദേശ സ്വയംഭരണ(EWB) വകുപ്പ്
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EWA2/71/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 12-03-2026 18:15:14

സെക്ഷൻ ഓഫീസർ